പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.7980 — 24.07.2012 ൽ മറുപടിയ്ക്ക്

## മോട്ടോർ വാഹന വകുപ്പിന്റെ പുന:സംഘടന

ചോദ്യം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

ശ്രീ. ജോസഫ് വാഴക്കൻ

ശ്രീ. വി. ഡി. സതീശൻ

ശ്രീ. പി. എ. മാധവൻ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്

ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി

| | | | |
|---|---|---|---|
| (എ) | മോട്ടോർ വാഹന വകുപ്പ് പുന:സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) യും (ബി) യും | മോട്ടോർ വാഹന വകുപ്പ് പുന:സംഘടിപ്പിക്കുന്ന കാര്യവും നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്ന കാര്യവും പരിഗണനയിലില്ല. |
| (ബി) | നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്ന കാര്യം പുന:സംവിധാനത്തിൽ പരിഗണിക്കുമോ; വിശദമാക്കുമോ; | | |
| (സി) | വാഹന പരിശോധനയ്ക്ക് കൂടുതൽ ഉദ്യോഗസ്ഥന്മാരെ നിയമിക്കുവാനും വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിൽ പുന:സംവിധാനം ചെയ്യുന്ന കാര്യം ആലോചിക്കുമോ; വിശദമാക്കുമോ? | (സി) | വാഹന പരിശോധനയും മറ്റ് എൻഫോഴ്സ്മെന്റ് നടപടികളും ഊർജ്ജിതമാക്കാനായി നിലവിലുള്ള സ്ക്വാഡുകൾക്കൊപ്പം 17 പുതിയ സ്ക്വാഡുകൾ കൂട്ടിച്ചേർത്തുകൊണ്ട് മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. വരുമാനം വർദ്ധിപ്പിക്കാനുദ്ദേശിച്ചുകൊണ്ട് ഓരോ സ്ക്വാഡും വാർഷികമായി നികുതി ഇനത്തിലും കോമ്പൗണ്ടിംഗ് ഫീസ് ഇനത്തിലും കുറഞ്ഞത് 2.5 കോടി രൂപ പിരിച്ചെടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ